# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2741** — **12.03.2018**-ൽ മറുപടിയ്ക്ക്

### ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ് മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

ചോദ്യം :

ശ്രീ.എസ്.രാജേന്ദ്രൻ
" ആന്റണി ജോൺ
" പി.വി. അൻവർ
" കെ.ഡി. പ്രസേനൻ

മറുപടി :

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിലുള്ള 'ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ് മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ' ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ബഹു. റവന്യൂ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിവരുന്നു. |
| (ബി) ഈ സർക്കാർ വന്നതിന് ശേഷം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) ഐ. എൽ.ഡി.എം. ലെ പരിശീലന പരിപാടികൾ മെച്ചപ്പെടുത്തുന്നതിനും പരിശീലന പരിപാടികളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും, ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിശീലനങ്ങൾ ക്രമീകരിക്കുന്നതിനും, പ്രമുഖ പരിശീലനസ്ഥാപനമായ ഐ.എം.ജിയിലെ വിദഗ്ധരുടെ സഹായത്തോടെ ഐ.എൽ.ഡി.എം. ൽ ട്രെയിനിംഗ് നീഡ് അനാലിസ്സിസ്സ് (TNA) നടത്തി കേന്ദ്രീകൃതമായി നടത്തേണ്ട 21 വിഷയങ്ങളും , ജില്ലാതലത്തിലും, താലൂക്ക് തലത്തിലും വികേന്ദ്രീകൃതമായി നടത്തേണ്ട 10 വിഷയ ങ്ങളും കണ്ടെത്തിയിട്ടുണ്ട്. കേന്ദ്രീകൃതമായി നടത്തേണ്ട വിഷയങ്ങൾ രണ്ട് ദിവസങ്ങളിലായി നടത്തുന്നതിനു വേണ്ടുന്ന വിശദമായ ഷെഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച 21 പരിശീലന പരിപാടികളിൽ ILDMCTPS03 എന്ന പരിശീലന പരിപാടി 5 വർഷത്തിൽ കുറഞ്ഞ സർവ്വീസ് ഉള്ള റവന്യൂ ഉദ്യോഗസ്ഥർക്കായി ഐ.എം.ജിയുടെ സഹായത്തോടെ നടപ്പിലാക്കുന്നതും ആകെ 18 ദിവസം നീണ്ടു നിൽക്കുന്നതുമാണ്. ഇതിന്റെ ഒന്നാം ഘട്ടവും മൂന്നാം ഘട്ടവും ഐ.എം.ജി യിൽ നടത്തി വരുന്നു. 5 ദിവസം നീണ്ടു നിൽക്കുന്ന |

2-ാം ഘട്ടത്തിൽ റവന്യൂ വിഷയങ്ങളിൽ ഐ.എൽ.ഡി.എം ൽ 5 ദിവസത്തെ പരിശീലനം നൽകുന്നു. ഐ.എം.ജിയിൽ നൽകുന്ന 1-ാം ഘട്ട പരിശീലനത്തിൽ Soft skill (Time Management, Stress Management , Good Governance തുടങ്ങിയവ) RTI, RTS എന്നിവ സംബന്ധിച്ചും മൂന്നാം ഘട്ടത്തിൽ ജീവനക്കാര്യം (KSR, KFC, KCS & CCA Rules) തുടങ്ങിയവ സംബന്ധിച്ചുമുള്ള പരിശീലനങ്ങളാണ് നൽകുന്നത് . ഇതേ മാതൃകയിൽ ILDMCTPS04 എന്ന പരിശീലന പരിപാടിയിൽ Prospective Village Officer, Prospective Tahsildar, Prospective Deputy Collectors എന്നിവർക്കുള്ള Refresher പരിശീലനങ്ങളും ഐ.എം.ജിയുടെ സഹായത്തോടെ നടത്തി വരുന്നു. കൂടാതെ പരിശീലനാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കുകയും, ക്ലാസ്സ്റൂമുകളും ലൈബ്രറിയും ആധുനിക രീതിയിൽ നവീകരിയ്ക്കയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

വികേന്ദ്രീകൃത പരിശീലനത്തിന്റെ ഭാഗമായി ജില്ലാ/താലൂക്ക്തല ട്രെയിനിംഗുകൾ മികവുറ്റതാക്കുന്നതിനായി 10 വിഷയങ്ങളിൽ Training of Trainers (TOT) ജില്ലാ/താലൂക്ക് തലത്തിൽ പഠിപ്പിക്കുന്നതിന് സജ്ജരാക്കിയിട്ടുണ്ട്. കൂടാതെ ഇപ്രകാരമുള്ള പരിശീലനങ്ങളുടെ ഏകീകൃതരൂപം നിലനിർത്തുന്നതിനായി പ്രസന്റേഷൻ സ്ലൈഡുകളും നോട്ടുകളും ട്രയിനിംഗ് ഷെഡ്യൂളും തയ്യാറാക്കി ഐ.എൽ.ഡി.എം ന്റെ www.ildm.kerala.gov.in/Training എന്ന പുതിയ വെബ്സൈറ്റിൽ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഒരേ വിഷയത്തിൽ ഉദ്യോഗസ്ഥർ ട്രെയിനിംഗിനായി ആവർത്തിച്ച് എത്തുന്നത് ഒഴിവാക്കുന്നതിലേക്കായി ട്രയിനിംഗിന് ഹാജരാകുന്ന മുറയ്ക്ക് ഉദ്യോഗസ്ഥരുടെ പരിശീലന വിവരങ്ങൾ SPARK ഡേറ്റാബേസിൽ ഉൾക്കൊള്ളിച്ച് വരുന്നു. ഐ.എൽ.ഡി.എം- ൽ നടക്കുന്ന പരിശീലന പരിപാടികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 'ഫാക്കൽറ്റി റേറ്റിംഗ് ' വളരെ കൃത്യമായി നിർണ്ണയിക്കുന്നതിന് ശാസ്ത്രീയമായ രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ക്യാമ്പസിനെ പൂർണ്ണമായും "free wifi campus" ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ILDM മാന്വൽ പ്രസിദ്ധീകരിക്കുകയും ഹാജർ നില കൃത്യമായി രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിച്ചത് പ്രകാരം ഐ.എൽ.ഡി.എം നെ " സെന്റർ ഓഫ് എക്സലൻസ്" ആക്കി മാറ്റുന്നതിനായി ചുവടെ പറയുന്ന 6 ഉപകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. സെന്റർ ഫോർ ലാൻഡ് ഗവേണൻസ്
2. റിവർ മാനേജ്മെന്റ് സെന്റർ
3. സെന്റർ ഫോർ സേഫ്റ്റി ആന്റ് ക്രൗഡ് റിസ്ക് റിസേർച്ച്
4. സെന്റർ ഫോർ ലൈറ്റനിംഗ് ആൻഡ് ആൾട്ടർനേറ്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം
5. സെന്റർ ഫോർ മോഡേൺ സർവ്വേ ട്രെയിനിംഗ്
6. ഇഗ്നോ സ്റ്റഡി സെന്റർ

(സി) ഏതെല്ലാം വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ ട്രെയിനിംഗ് നൽകി വരുന്നതെന്ന് അറിയിക്കാമോ?

(സി) റവന്യൂ സംബന്ധമായ വിഷയങ്ങളിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് മുതൽ ഡെപ്യൂട്ടി കളക്ടർമാർ വരെയുള്ള റവന്യൂ ഉദ്യോഗസ്ഥർക്കും ദുരന്ത നിവാരണ വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പിലേയും, ഇതര സർക്കാർ വകുപ്പിലേയും വിവിധ എൻ.ജി.ഒ കൾക്കും, സന്നദ്ധ സംഘടനകൾക്കും പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ